## (68.) പത്തനംതിട്ട സെന്റ് പീറ്റേഴ്സ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഹൃദയഭൂമിയായ പത്തനംതിട്ടയിൽ ഒരു ദേവാലയം എന്ന സ്വപ്നവുമായി വ്യക്തിപരായ പുനരൈക്യങ്ങൾ 1926 മുതൽ നടന്നിരുന്നു. അങ്ങനെ നോക്കുമ്പോൾ പത്തനം തിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ, പുത്തൻപടിക ലത്തീൻപള്ളിയോടും കൊല്ലം രൂപതയോടും കടപ്പെട്ടിരിക്കുന്നു. ആദ്യകാലഘട്ടങ്ങളിൽ പുത്തൻപീടിക ലത്തീൻ ദേവാലയമായിരുന്നു ആദ്ധ്യാത്മീക അഭയകേന്ദ്രം. ആദ്യ കാലഘട്ടത്തിൽ അതായത് പുനരൈക്യത്തിനുമുമ്പുതന്നെ ചില വ്യക്തികൾ കത്തോലിക്കാ വിശ്വാസത്തിൽ ചേർന്നു.

1. സി.പി. ചെറിയാൻ വക്കീൽ (ശുശ്രൂഷകൻ)
2. സി.ഫിലിപ്പ് സാർ കിഴക്കേവീട്ടിൽ (പുഷ്പപുരം)
3. പീടികപറമ്പിൽ പി.ജി.തോമസ്
4. ഭഗവതിയേത്ത് വർഗീസ് (പൗവ്വത്ത്)

പുനരൈക്യത്തിനുശേഷം 1930 സെപ്റ്റംബറിൽ വെണ്ണിക്കുളത്തുവച്ച് ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് കുന്നത്ത് കെ.എം.തോമസിനേയും, തോളൂർ ഉണ്ണൂണ്ണിയെയും പുനരൈക്യപ്പെടുത്തി. 1933-ൽ എം.ജി. ചെറിയാനേയും ചേപ്പാട് ഫീലിപ്പോസ് റമ്പാൻ സഭാംഗമാക്കി. ആദ്യകാലങ്ങളിൽ പുനരൈക്യപ്പെട്ടവർ ലത്തീൻ പള്ളിയിൽ ശുശ്രൂഷകൾക്കു പോയിരുന്നു.

രണ്ടാംഘട്ട പുനരൈക്യം

കിഴക്കേവീട്ടിൽ പത്രോസച്ചൻ (സി.പി.ചെറിയാന്റെ മകൻ, സി. ഫിലിപ്പ് പുഷ്പപുരത്തിന്റെ സഹോദരൻ) 1938 നവംബർ 19ന് (1114) മാർ ഈവാനിയോസ് തിരുമേനിമുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു സഭയോടു ചേർന്നു. അദ്ദേഹത്തോടൊപ്പം 50ഓളം പേരും പുനരൈക്യപ്പെട്ടു. പത്രോസച്ചന്റെ പേരു ചേർത്തു മാർ ഈവാനിയോസ് തിരുമേനി ഈ ഇടവകയ്ക്ക് സെന്റ് പീറ്റേഴ്സ് ഇടവക എന്ന് പേരും നല്കി. അങ്ങനെ ഇടവക 1938-ൽ രൂപീകൃതമായി.

1932-ൽ മാർ ഈവാനിയോസ് തിരുമേനി ദേവാലയത്തിനുവേണ്ടി വാങ്ങിയ സ്ഥലം പിന്നീട് സ്കൂളിനു വിട്ടുകൊടുക്കുകയും കുന്നത്ത് മത്തായി സാർ മുൻകൈഎടുത്ത് സ്കൂൾ കെട്ടിടം പണിയുകയും ചെയ്തു. ഈ സ്കൂളിൽവെച്ചാണ് ബഹുമാനപ്പെട്ട പത്രോസ് കത്തനാരെ അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി സഭയിലേക്ക് ചേർക്കുന്നത്.

പള്ളി പണിയുടെ കാര്യത്തിൽ മാർ ഈവാനിയോസ് തിരുമേനിയുടെ ആഗ്രഹം ഒരു നല്ലപള്ളി പണിയണമെന്നായിരുന്നു. അതിനാൽ അത് കുറച്ചു നീണ്ടുപോയി. ദേവാലയം പണിയുന്നതിനുവേണ്ടി അടിമുറിയിൽ ഗീവർഗീസ് സ്കറിയായിൽ നിന്നും പന്ത്രണ്ടര സെന്റ് സ്ഥലംവാങ്ങി കുഴിയിൽ ഏബ്രഹാമിനു കൊടുത്തിട്ട് ഏബ്രഹാമിന്റെ വക 44 സെന്റ് സ്ഥലം മാർ ഈവാനിയോസ് തിരുമേനി വാങ്ങിച്ചു. പിൽക്കാലത്ത് പ്രതികൂല സാഹചര്യങ്ങളാൽ കുരിശടി നിൽക്കുന്ന സ്ഥലം ഒഴിച്ച് വിൽക്കേണ്ടിവന്നു. ഇപ്പോഴും പള്ളിയുടെ സ്ഥലം വാങ്ങിയത് പലരിൽ നിന്നുമാണ്.

1. തെക്കേതിൽ ഗീവർഗീസ് - 19 സെന്റ്
2. പറമ്പത്തൂർ സ്കറിയ - 8 സെന്റ്
3. വട്ടപ്പറമ്പിൽ സ്കറിയ
4. വട്ടപ്പറമ്പിലെ സ്ഥലം വേറോരാൾക്കുവിറ്റത് 20 സെന്റ് സ്ഥലം അയാളിൽനിന്നും വിലയ്ക്കുവാങ്ങി.

5. പറങ്കിനിൽക്കുന്നതിൽ മത്തായിയുടെ സ്ഥലം (ആഡിറ്റോറിയം) വാങ്ങി

**ആദ്യ ദേവാലയം**

1946 മെയ് 29ന് ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി പത്തനംതിട്ടയിൽ വരുകയും ഇവിടെ ഒരു ദേവാലയത്തെപ്പറ്റി ചിന്തിക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. 1946 ജൂൺ 17ന് ഒരു ബംഗ്ലാവ് പണിയാനും ആ ബംഗ്ലാവിൽ തന്നെ വി.കുർബാന ചൊല്ലാനും തീരുമാനിച്ചു. അങ്ങനെ 24/11/1947ൽ ബംഗ്ലാവിന്റെ പണി പൂർത്തിയാക്കി വന്ദ്യ ചേപ്പാട്ട് ഫീലിപ്പോസ് റമ്പാൻ ആശീർവദിക്കുകയും വി.ബലി അർപ്പിക്കുകയും ചെയ്തു.

**രണ്ടാമത്തെ ദേവാലയം**

ബഹു.സിപ്രിയാൻ ഒ.സി.ഡി. വികാരിയായിരിക്കുമ്പോൾ രണ്ടാമത്തെ പള്ളിയുടെ പണി ആരംഭിക്കുകയും ഫാ. ഏബ്രഹാം ഒ.ഐ.സി.യുടെ കാലത്ത് പണി തുടരുകയും ഫാ.തോമസ് കൈതനാലിന്റെ കാലത്ത് നിർമ്മാണം പൂർത്തീകരിച്ച് 1953 നവംബർ 21ന് അത്യുന്നത കർദിനാൾ കാർഡിനൽ ടിസറാന്റ് തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും മാർ സേവറിയോസ് മെത്രാപ്പോലീത്തായും കൊല്ലം മെത്രാൻ ജെറോം ഫെർണ്ണണ്ടസ് മെത്രാന്റെയും സഹകാർമ്മികത്വത്തിൽ സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്ക ദേവാലയത്തിന്റെ കൂദാശകർമ്മം നിർവ്വഹിച്ചു.

**മൂന്നാം ദേവാലയം**

25/1/2010ൽ പത്തനംതിട്ട രൂപത രൂപീകൃതമായപ്പോൾ പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തോലിക്കാ ദേവാലയം രൂപതയുടെ ഭദ്രാസന ദേവാലയമായി ഉയർത്തപ്പെട്ടു. പുതുതായി നിർമ്മിക്കപ്പെട്ട ഈ ദേവാലയത്തിന്റെ പ്രാരംഭപണികൾ ആരംഭിച്ചത് ഫാ. ഏബ്രഹാം വാവോലിമേപ്പുറത്ത് അച്ചന്റെ കാലത്താണ്. പൂർത്തീകരിച്ചത് കൂദാശ ചെയ്തത് ബഹു.ജോൺ തുണ്ടിയത്ത് അച്ചന്റെ കാലത്താണ്. 2012 സെപ്റ്റംബർ മാസം 20, 21 തീയതികളിൽ (82-ാം പുനരൈക്യം) മലങ്കര കത്തോലിക്കാസഭയുടെ തലവനും പിതാവുമായ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ മുഖ്യകാർമ്മികത്വത്തിലും മാറോനീത്താ പാത്രിയാർക്കീസ് അഭിവന്ദ്യ മോറാൻ മോർ ബക്കാറാ ബുത്രോസ് അൽറായ് തിരുമേനിയുടെ സാന്നിധ്യത്തിലും പത്തനംതിട്ടയുടെ പ്രഥമ അധ്യക്ഷൻ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായുടെ കാർമ്മികതത്വത്തിലും കത്തീഡ്രൽ കൂദാശചെയ്യപ്പെട്ടു.

**ആഡിറ്റോറിയം**

പെരിയ ബഹു.തോമസ് പണിക്കരച്ചൻ വികാരിയായിരിക്കുമ്പോൾ ഈ ആഡിറ്റോറിയത്തിന്റെ ഗ്രൗണ്ട് ഫ്ളോർ പൂർത്തിയാക്കുകയും 1960 ൽ ഇവിടെ വിമലമാതാ നേഴ്സറി സ്കൂൾ ആരംഭിക്കുകയും ചെയ്തു. ഈ സ്കൂളാണ് പുത്തൻപീടികയിൽ മഡോണ സ്കൂളായി മാറ്റപ്പെട്ടത്. ഫാ.തോമസ് കുമ്പക്കാട്ട് വികാരിയായിരിക്കുമ്പോൾ ആഡിറ്റോറിയത്തിന്റെ ടൗൺ കുരിശടിയോടുചേർന്ന് ഒരു കെട്ടിടം പണിയുകയും ചെയ്തു.

**നിർമ്മാണങ്ങൾ**

ഫാ. ചെറിയാൻ പണിക്കരുടെ കാലത്ത് ഇടവകയ്ക്ക് പുതിയ കല്ലറകളും ഫാ.വർഗീസ് മാവേലിയുടെ കാലത്ത് ഷോപ്പിംഗ് കോംപ്ലക്സും, ഫാ. യോഹന്നാൻ മുളമൂട്ടിലിന്റെ കാലത്ത് വൈദികമന്ദിരവും പണിതു.

**എം.സി.വൈ.എം.**

ഫാ.ഡോമനിക്ക് സഖറിയാസ് അച്ചന്റെ കാലത്ത് സഭയുടെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം. ജന്മം നല്കുവാൻ ഇടവകയ്ക്ക് സാധിച്ചു.

**ഇടവകയിൽ സേവനം ചെയ്ത വൈദീകർ**

1. ഫാ. പത്രോസ് കിഴക്കേവീട്ടിൽ - 1938 - 1948
2. ഫാ. സിപ്രിയാൻ ഒ.സി.ഡി. -
3. ഫാ. ബീഡ് ഒ.സി.ഡി. (സഹവികാരി)
4. ഫാ. ലീനസ് ഒ.സി.ഡി.
5. ഫാ. ഫൗസ്റ്റീൻ ഒ.സി.ഡി. (സഹവികാരി)
6. ഫാ. ഏബ്രഹാം ഒ.ഐ.സി.
7. ഫാ. തോമസ് കൈതനാൽ
8. ഫാ. മാത്യൂസ് ഏഴാനിക്കാട്ട്
9. ഫാ. ഏബ്രാഹം തെക്കേടത്ത്
10. ഫാ. ജോർജ്ജ് മൂത്തേരിൽ
11. ഫാ. തോമസ് പണിക്കർ
12. ഫാ. ഡോമനിക്ക് സഖറിയ
13. ഫാ. തോമസ് കുമ്പക്കാട്ട
14. ഫാ. ചെറിയാൻ പണിക്കർ
15. ഫാ. ഗീവർഗീസ് മണ്ണിക്കരോട്ട് കോറെപ്പിസ്കോപ്പ
16. ഫാ. സാമുവേൽ മണ്ണിൽ റമ്പാൻ
17. ഫാ. മാത്യു വാഴപ്പിള്ളേത്ത് റമ്പാൻ
18. ഫാ. ഗീവർഗീസ് മാവേലിൽ കോറെപ്പിസ്കോപ്പ
19. ഫാ. തോമസ് പണിക്കർ
20. ഫാ. യോഹന്നാൻ മുളമൂട്ടിൽ
21. ഫാ. മാത്യു ആലുംമൂട്ടിൽ
22. ഫാ. ഏബ്രഹാം വാവേലിമേപ്പുറത്ത്
23. ഫാ. ജോൺ തുണ്ടിയത്ത്
24. ഫാ. മാത്യു ആലുംമൂട്ടിൽ
25. ഫാ. ആന്റോ കണ്ണംകുളം
26. ഫാ. ഏബ്രഹാം മണ്ണിൽ

**ഇടവകയിൽ നിന്നുള്ള ദൈവവിളികൾ**

1. ഫാ. പത്രോസ് കിഴക്കേവീട്ടിൽ
2. ഫാ. സാമുവേൽ തൈക്കൂട്ടത്തിൽ റമ്പാൻ
3. ഫാ. ജെറോം പീടികപറമ്പിൽ ഒ.ഐ.സി.
4. ഫാ. ജോൺ വട്ടപ്പറമ്പിൽ ഒ.ഐ.സി.
5. ഫാ. തോമസ് വട്ടപ്പറമ്പിൽ
6. ഫാ. ജോസഫ് വട്ടപ്പറമ്പിൽ
7. ഫാ. സി.സി.ജോൺ ചരിവുപുരയിടത്തിൽ
8. ഫാ. ഏബ്രഹാം ചേന്തിയേത്ത്
9. ഫാ. സ്ലീബാദാസ് ചരിവുപുരയിടത്തിൽ
10. ഫാ. തോമസ് കുളങ്ങര
11. ഫാ. ജേക്കബ് കുളങ്ങര
12. ഫാ. ജോയേൽ പൗവ്വത്ത്
13. ബ്ര. ഫെർഡിനാന്റ് പീടികപ്പറമ്പിൽ എം.എസ്.എഫ്.
14. ബ്ര. ജെസ്റ്റിൻ പരുവപ്ലാക്കൽ
15. ബ്ര. അരുൺ പ്ലാങ്കൂട്ടത്തിൽ
16. ബ്ര. പ്രവീൺ കുന്നത്ത്
17. ബ്ര. എബിൻ നെല്ലിക്കാട്ടിൽ
18. സി. സോഫിയ ഡി.എം.
19. സി. സെലിൻ എസ്.ഐ.സി.
20. സി. ഫെലിസ്റ്റ എസ്.ഐ.സി.
21. സി. സ്റ്റെൻസിലാവോസ് എസ്.ഐ.സി.
22. സി. തെക്ക്‌ല എസ്.ഐ.സി.
23. സി. സിസിലിയ എസ്.ഐ.സി.
24. സി. യൗസേബിയ എസ്.ഐ.സി.
25. സി. ചെറുപുഷ്പം എസ്.ഐ.സി.
26. സി. സാരൂപ്യ എസ്.ഐ.സി.